## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 476 — 26.04.2017 ൽ മറുപടിയ്ക്ക്

### കയർ വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ; | എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുന:സംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുന:സംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. രണ്ടാം പുന:സംഘടനാ പദ്ധതി<br>2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചു കൊണ്ടുള്ള സമ്പൂർണ്ണ യന്ത്രവത്ക്കരണം.<br>3. കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്ന പദ്ധതി യും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്<br><br>പുന:സംഘടനയുടെ ഭാഗമായി സഹകരണ നിയമപ്രകാരം പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി |

| | |
|---|---|
| | പ രമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും വേതനത്തേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്ന വരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട് . |
| ബി) ചകിരിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന നടപടികൾ വിശദീകരിക്കുമോ; | ബി) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. 2017-18 വർഷത്തിൽ സംസ്ഥാനത്ത് 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. നാളികേര ബോർഡുമായി ചേർന്ന് തൊ ണ്ടുസംഭരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ട്. കു ടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദ നം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിക്ക് മെഷീനുകൾ നിർമ്മിക്കുന്നതിനായി 2016-17 വർഷത്തിൽ 4,20,91,250/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. |
| സി) കയർ ഉത്പാദനമേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ; | നിയന്ത്രിതയന്ത്രവത്ക്കരണം എന്നതിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പ രമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും വേതനത്തേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെ യ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി ആയി ഉയർത്തി ചെലവഴിച്ചി ട്ടുണ്ട്. |
| ഡി)തൊഴിൽ നഷ്ടപ്പെട്ട കയർത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ? | കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനു വേണ്ടി ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടനാ പ ദ്ധതി നടപ്പിലാക്കുന്നുണ്ട് പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് |

| | |
|---|---|
| | സംയോജിപ്പിക്കുമ്പോൾ കൂടുതൽ പേർക്ക് തൊഴിൽ നൽകാനാകും. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ടായിരിക്കും യന്ത്രവത്ക്കരണം നടപ്പിലാക്കുന്നത്. യന്ത്രവത്ക്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിക്കാനാകും. തന്മൂലം സംഘങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കാനും കഴിയും. കൂടാതെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം വർദ്ധിപ്പിച്ച് തൊഴിലാളികളെ സംരക്ഷിക്കും. |

സെക്ഷൻ ഓഫീസർ